# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മറ്റത്തൂര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പ8)155/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 07/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറ്റത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പ8)155/2022. തീയ്യതി: 07/06/2022

## തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.പി. ഷോബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ശിവദാസൻ. എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രവിദ. വി.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ. കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോയ്സൻ. സി.ജെ, ഓഡിറ്റർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.സി.സുബ്രൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി. അശ്വതി. വി. ബി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ടി. ജി. സജി | സെക്രട്ടറി | 01-04-2020 | 12-01-2021 |
| ശ്രീമതി. ഗ്ലീന ക്ലീറ്റസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2021 | 14-02-2021 |
| ശ്രീ. ഹബീബ്. വി. എച്ച് | സെക്രട്ടറി | 15-02-2021 | 14-03-2021 |
| ശ്രീ.ജി. ജത്രുസൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ. പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സരസ്വതി | അസി. എഞ്ചിനീയർ | 01-04-2020 | 22-02-2021 |
| ശ്രീ. അജയകുമാർ. പി.കെ | അസി. എഞ്ചിനീയർ | 23-02-2021 | 31-03-2021 |
| ഡോ. ആന്റിസ് ജോസഫ് | മെഡിക്കൽ ഓഫീസർ. സി.എച്ച്. സി | 01-04-2020 | 23-09-2020 |
| ഡോ. ലക്ഷ്മി മേനോൻ | മെഡിക്കൽ ഓഫീസർ. സി.എച്ച്. സി | 24-09-2020 | 31-03-2021 |
| ശ്രീമതി. അൽഫോൺസ | ഹെഡ് മിസ്ട്രസ്, ജി. യു. പി. എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ശികിത. കെ. എസ് | വി. ഇ, ഒ. ( മറ്റത്തൂർ സർക്കിൾ) | 01-04-2020 | 21-07-2020 |
| ശ്രീമതി. ശികിത. കെ. എസ് | വി. ഇ, ഒ. ( മറ്റത്തൂർ സർക്കിൾ) | 25-01-2021 | 01-02-2021 |
| ശ്രീമതി. ഉമൈവാൻ. പി. എ | വി. ഇ, ഒ. ( മറ്റത്തൂർ സർക്കിൾ) ചാർജ് | 22-07-2020 | 12-10-2020 |
| ശ്രീമതി. സുമ. എം.എസ് | വി. ഇ, ഒ. ( മറ്റത്തൂർ സർക്കിൾ) ചാർജ് | 13-10-2020 | 24-01-2021 |
| ശ്രീമതി. സുമ. എം.എസ് | വി. ഇ, ഒ. ( മറ്റത്തൂർ സർക്കിൾ) ചാർജ് | 02-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. നിജ്ജു ജോസ് | വി. ഇ. ഒ. (വെള്ളിക്കുളങ്ങര സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി. ഉമൈവാൻ. പി. എ | വി. ഇ. ഒ. (കോടാലി സർക്ക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ. കെ.സി. ബിനൂബ് | അസി.സെക്രട്ടറി | 01-04-2020 | 23-06-2020 |
| ശ്രീമതി. സിന്ധു. എൻ. എസ് | അസി.സെക്രട്ടറി | 24-06-2020 | 22-09-2020 |
| ശ്രീമതി. ഗ്ലീന ക്ലീറ്റസ് | അസി.സെക്രട്ടറി | 22-09-2020 | 01-03-2021 |
| ശ്രീ. ജറുസൻ.ജി | അസി.സെക്രട്ടറി | 02-03-2021 | 31-03-2021 |
| ശ്രീമതി. സുധാകുമാരി. വി | ഐ. സി.ഡി. എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. സിജോൺ ജോൺസൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സജേഷ്. എം. ജി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

..

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-5 |
| 6 | തൊഴിലുറപ്പ പദ്ധതി വരവു ചെലവു കണക്കുകൾ<br>Written By: Sivadasan A K (Asst. Audit Officer, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-7 |
| 8 | ക്ഷേമപെൻഷനുകൾ<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 01-06-2022) | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-9 |
| 10 | വസ്തു നികുതി. സഞ്ചയ, സാംഖ്യ എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-10 |
| 11 | സാംഖ്യ അഡ്വാൻസ് ലെഡ്ജറുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-11 |
| 12 | മുൻകൂറുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-12 |
| 13 | ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-13 |
| 14 | മുൻകൂറുകൾ ഡിമാന്റ് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-14 |
| 15 | പ്രയർ പീരീഡ് ഐറ്റം എന്നു രേഖപ്പെടുത്തിയവയ്ക്ക് മതിയായ അടിസ്ഥാനരേഖകളുടെ പിൻബലമില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-15 |
| 16 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-17 |
| 18 | രജിസ്റ്ററുകൾ പ്രകാരം സ്റ്റോക്ക് വാല്യൂ ഉണ്ടായിരുന്നിട്ടും ക്ലോസിംഗ് സ്റ്റോക്ക് പൂജ്യമായി കാണിച്ചിരിക്കുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-18 |
| 19 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-19 |
| 20 | തൊഴിലുറപ്പ് പദ്ധതി - ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരവും ക്യാഷ് ബുക്ക് പ്രകാരവും ഉള്ള നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-20 |
| 21 | വായ്പ രജിസ്റ്റർ<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-21 |
| 22 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തെറ്റ്<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-22 |
| 23 | സ്റ്റെയിൽ ചെക്കുകൾ മാറ്റിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 15-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-23 |
| 24 | ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-24 |
| 25 | ഡയറി ഫാം ഇൻസ്പെക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-25 |
| 26 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-26 |
| 27 | ലൈസൻസ് അപാകതകൾ<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-27 |
| 28 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-28 |
| 29 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് - അപാകതകൾ<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-29 |
| 30 | റേഷൻകടകളും, കള്ളുഷാപ്പുകളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-30 |
| 31 | പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-31 |
| 32 | ഐ.കെ.എം.വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-32 |
| 33 | പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-33 |

| | | |
|---|---|---|
| 34 | കെൽട്രോണിന് അധിക തുക അടവാക്കി<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-34 |
| 35 | കരാർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 06-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-35 |
| 36 | അർഹതയില്ലാത്ത ഗുണഭോക്താവിന് കട്ടിൽ നൽകി<br>Written By: Joyson (Auditor, On 06-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-36 |
| 37 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 06-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 01-06-2022) | 1-37 |
| 38 | ലീഗൽ ചെലവുകളിൽ നിന്നും റ്റി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ്<br>Written By: Joyson (Auditor, On 06-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-38 |
| 39 | ഓവർഹെഡ് ചാർജ്ജസ് അധികം നൽകി<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-39 |
| 40 | KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-40 |
| 41 | പ്രൊജ. നം. 381/21 മറ്റത്തൂർ ബ്രാഞ്ച് കനാൽ നിർമാണം - കരാറുകാരന് ₹9007/- അധികം നൽകി<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 04-06-2022) | 1-41 |
| 42 | പ്രൊജ. നം. 353/21 ഗ്യാസ് ക്രിമറ്റോറിയം യാഥാർത്ഥ്യമായില്ല - കോസ്റ്റ്ഫോർഡിന് അധികം തുക നല്കി<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 19-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 01-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Joyson (Auditor, On 12-01-2022)<br>Last Updated By: N Satheesan (Deputy Director, On 07-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25.03.2020 | 1(1) നമ്പർ തീരുമാനം | 593586797 | 547719300 |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു.

(I) സ.ഉ (ആർ.റ്റി) 3291 / 16 തീ 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(Ii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തീയതി | ലഭിക്കേണ്ട തീയതി |
|---|---|
| 24-09-2021 | 31-07-2021 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 49772902 |
| വരവ് | 146921366 |
| ആകെ | 196694268 |
| ചെലവ് | 149601308 |
| നീക്കിയിരിപ്പ് | 47092960 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 30789078 | 27971214 | 2817864 |
| വികസനഫണ്ട്-എസ് സി പി | 14703274 | 11910140 | 2793134 |
| വികസനഫണ്ട്-ടി എസ് പി | 1520000 | 1025771 | 494229 |
| മെയിന്റനൻസ്-റോഡ് | 30598000 | 22818380 | 7779620 |
| മെയിന്റനൻസ്-റോഡിതരം | 7767632 | 6429997 | 1337635 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 23571766 | 13671459 | 9900307 |
| ടൈഡ് | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | |
|---|---|---|---|---|---|---|
| 469 | 224912800 | 337 | 131580328 | 132 | 0 | 72% |

## 1-6 തൊഴിലുറപ്പ പദ്ധതി വരവ്വ ചെലവ്വ കണക്കുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 561757 | 1459689 | 2021446 | 696997 | 1324449 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 57794529 | 57794529 | 57794529 | |
| | | | 59815975 | 58491526 | |

* തൊഴിലുറപ്പ പദ്ധതിയുടെ രസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് പ്രകാരം ഉള്ള കണക്കാണ് മുകളിൽ ചേർത്തിരിക്കുന്നത്. എന്നാൽ ഈ കണക്ക് ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുമായി യോജിക്കുന്നില്ല. ഈ വിവരം വാർഷിക കണക്കു പരിശോധനയുടെ വിശേഷണമായി പ്രത്യേകം ചേർത്തിരിക്കുന്നു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8695300 | 240 |
| വിധവാ പെൻഷൻ | 27432000 | 2100 |
| വാർദ്ധക്യകാല പെൻഷൻ | 64127100 | 4900 |
| വികലാംഗ പെൻഷൻ | 7886100 | 430 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3100200 | 179 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-12-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,827/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 വസ്തു നികുതി. സഞ്ചയ, സാംഖ്യ എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ

പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1. തൻവർഷം

1.1.1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3615990 | 3151595 | 96678 | 392479 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3619861 | 3128293 | | *395492 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(415267/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.1.2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3099844 | 2492646 | 41982 | 582116 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3109814 | 2479136 | | *588886 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(618330/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

വസ്തു നികുതി

1.2. കുടിശ്ശിക

1.2.1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 195451 | 101811 | 93959 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *198360 | 101528 | **94263 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (98976/105X100) |

| | | | |
|---|---|---|---|
| | ബി-15) (121685 + 86593 = 208278/105*100) | ഷെഡ്യൂൾ ആർ.പി-43) | = 94263 |

1.2.2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 595635 | 96402 | 499852 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 605915 | 96367 | 509295 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(438522 + 197689 = 636211/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(534760/105X100)=509295, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11 സാംഖ്യ അഡ്വാൻസ് ലെഡ്ജറുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

2020-21 വർഷം വസ്തു നികുതിയിനത്തിൽ അഡ്വാൻസ് ഇനങ്ങളിലെ കൃത്യത പരിശോധിക്കുന്നതിനായി വസ്തു നികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ അഡ്വാൻസ് ലെഡ്ജറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യ, സഞ്ചയ ഇനങ്ങളിലുള്ള അഡ്വാൻസ് ഇനങ്ങൾ പൊരുത്തപ്പെടുത്തി പരിശോധിക്കാനായിട്ടില്ല.

## 1-12 മുൻകൂറുകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 22162 | 96678 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 11965 | 41982 |

## 1-13 ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ലേലം, വാടക രജിസ്റ്റർ

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

## 1-14 മുൻകൂറുകൾ ഡിമാന്റ് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/03/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax //Traders | 383260 |
| 2 | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 183755 |

## 1-15 പ്രയർ പീരീഡ് ഐറ്റം എന്ന രേഖപ്പെടുത്തിയവയ്ക്ക് മതിയായ അടിസ്ഥാനരേഖകളുടെ പിൻബലമില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101 – Prior Period Income Property Tax On Residential Building | 76174 |
| 280100104 – Prior Period Income Property Tax On Non Residential Building | 30188 |
| 280200201-Prior Period Income-licence Fees | 12000 |
| 280200401-Prior Period Income-Other Income | 13000 |
| 280800301-Prior Period- Operations And Maintenance | 264461 |

## 1-16 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

എ. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരവ് ചെലവ് 59038488 രൂപയാണ്.
എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 59815975 രൂപയാണ്.
വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

ബി. വാർഷികകണക്കിലെ ക്ലോസിംഗ് ബാലൻസ് 152932 രൂപയാണ്.
എന്നാൽ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലോസിംഗ് ബാലൻസ് 1324449 രൂപയാണ്.

## 1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-18 രജിസ്റ്ററുകൾ പ്രകാരം സ്റ്റോക്ക് വാല്യൂ ഉണ്ടായിരുന്നിട്ടും ക്ലോസിംഗ് സ്റ്റോക്ക് പൂജ്യമായി കാണിച്ചിരിക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് പൂജ്യം എന്ന് കാണിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതേണ്ടതുണ്ട്. എന്നാൽ സ്റ്റോക്കിലെടുക്കേണ്ടതായ സാമഗ്രികൾ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും സ്റ്റോക്ക് രജിസ്റ്റർ വർഷാന്ത്യമൂല്യം കണക്കാക്കി ഹാജരാക്കിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-19 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബി 7 ഷെഡ്യൂൾ പ്രകാരമുള്ള 2105596 രൂപ, ഷെഡ്യൂൾ ബി-18 ൽ പ്രകാരമുള്ള 9881500 രൂപ എന്നീ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-20 തൊഴിലുറപ്പ് പദ്ധതി - ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരവും ക്യാഷ് ബുക്ക് പ്രകാരവും ഉള്ള നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ ബി - 4 സ്റ്റേറ്റ്മെന്റ് പ്രകാരം ബാക്കി നിൽക്കുന്ന 148932 രൂപക്കു പകരം തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ടിൽ ക്ലോസിംഗ് ബാലൻസ് ആയി ഉൾപ്പെട്ടിട്ടുള്ളത് 152932 രൂപയാണ്.

## 1-21 വായ്പ രജിസ്റ്റർ

വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ വായ്പാ ബാക്കിയുടെ (125371100 രൂപ) കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-22 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തെറ്റ്

എൽ.ജി.ടി.എസ്.ബി ബാങ്കിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് ബാലൻസ് തെറ്റായി ചേർത്തിരിക്കുന്നു. 31/03/2021ലെ പാസ്സ് ബുക്ക് ബാലൻസ് അല്ല റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്നത്.
പാസ്സ് ബുക്ക് പ്രകാരം 31/03/2021 ലെ ബാലൻസ് – 1010101
റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബാലൻസ് – 1006051

## 1-23 സ്റ്റെയിൽ ചെക്കുകൾ മാറ്റിയിട്ടില്ല

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കോടാലി ടി.ഡി.സി.ബി ഓൺ ഫണ്ട് അക്കൗണ്ടിൽ കാലാവധി കഴിഞ്ഞ കളക്ഷനാകാത്ത 10 ചെക്കുകളും, നൽകിയ ചെക്കുകൾ ഇനിയും പണമാകാത്ത ഇനത്തിൽ 5 ചെക്കുകളും കാണുന്നു. ഇവ സ്റ്റെയിൽ ചെക്കുകളായി മാറ്റിയിട്ടില്ല.

## 1-24 ആദായ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം. 54 തീ. 21-12-21

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്ന് ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി ഇതുമായി ബന്ധപ്പെട്ട റജിസ്റ്റർ പരിശോധനയിൽ കണ്ടു. താഴെ പേർ ചേർക്കുന്ന കരാറുകാരിൽ നിന്ന്, ഇവർക്ക് തുക നൽകിയത് 14-05-20 ന ശേഷം ആകയാലും പാൻ കാർഡുള്ള സാഹചര്യത്തിലും 0.75% നിരക്കിൽ താഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

| | |
|---|---|
| ശ്രീ. വിത്സൻ ഒ.ജെ | ₹ 25688- (3425052 X 0.75 %) |
| ശ്രീ. അരുൺ എം.എം | ₹ 1741- (232154 X 0.75 %) |
| ശ്രീ. ജോയൽ ജോയ് | ₹ 2104- (280489 X 0.75%) |
| ആകെ | ₹ 29533/- |

## 1-25 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 3 തീയതി – 09.12.21)

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-26 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഉദയം ഫുഡ്സ് | 12/722A | 5 |
| 2. | HAPPY LIFE P.N DISTRIBUTION | 17/526 | 4 |
| 3. | ക്രിസ്റ്റീന ഓർണ്ണമെൻറ്സ് | 18/710 | 5 |
| 4. | ചിറമ്മൽ സൂപ്പർമാർക്കറ്റ് | 6/506A | 9 |
| 5. | നവജ്യോതി ഫ്യൂവൽസ് | 10/48 | 3 |
| 6. | T.R ഫുഡ്സ് | 21/86 | 5 |
| 7. | ഹോളി മൗണ്ട് വാട്ടർ ഇൻഡസ്ട്രീസ് സ്റ്റാർ സിൽവർ വർക്ക്സ് | 19/45 | 5 |
| 8. | നിർമ്മൽ ഓയിൽ ഇൻഡസ്ട്രീസ് | 19/46 | 3 |
| 9. | സ്റ്റാർ സിൽവർ വർക്ക്സ് | 17/426 | 5 |

| | | | |
|---|---|---|---|
| 10. | ST.MARY'S OIL MILL | 19/755 | 3 |
| 11. | ഐക്കൺ ഇൻഡസ്ട്രീസ് | 1/68 | 7 |
| 12. | പി-മാക്സ് സൂപ്പർമാർക്കറ്റ് | 14/801A | 5 |
| 13. | CANA ഫുഡ്സ് | 11/261 | 3 |
| 14. | ശിവഗംഗ ആയുർവേദിക്സ് പ്രൈവറ്റ് ലിമിറ്റഡ് ദി അർബൻ ഡർബി ലൈഫ് കോ. | 23/671 | 4 |
| 15. | ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെൻറ് യൂണിറ്റ് | 22/462 | 5 |
| 16. | ദി അർബൻ ഡർബി ലൈഫ് കോ. | 16/111 | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 22/20-21 തീയതി: 14.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-27 ലൈസൻസ് അപാകതകൾ

I. പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2020-21 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്ററും, ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തതായി കണ്ടില്ല.

1. ഹോളി എയ്ഞ്ചൽ ഹോസ്പിറ്റൽ
2. മെഡികെയർ ലബോറട്ടറി

പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 39/20-21 തീയതി: 15.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിച്ച് വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല

2020-21 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്ററും, ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കിയതായി കണ്ടില്ല.

1. 6/500 - സെന്റ്. പോൾസ് ഹോമിയോ ക്ലിനിക്
2. 15/290 – കാരുണ്യ ഡെന്റൽ ക്ലിനിക്
3. 6/506B – DDRC, കോടാലി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 55/20-21 തീയതി: 17.12.2021) പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഫീസ് ഈടാക്കി രജിസ്ട്രേഷൻ പുതുക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

III. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രത്തിന്റെ കാലാവധി കഴിഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷകളും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തേക്കാണ് പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് നൽകിയിരിക്കുന്നത്. എന്നാൽ ടി സ്ഥാപനങ്ങൾ ലൈസൻസ് ലഭിക്കുന്നതിന് വേണ്ടി ഹാജരാക്കിയിരിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള നിരാക്ഷേപപത്രത്തിന്റെ കാലാവധി അവസാനിച്ചതാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ചിക്കൂസ് വുഡ് ക്രാഫ്റ്റ്സ് (19/525-528) |
|---|

| | |
|---|---|
| ലൈസൻസ് കാലയളവ് | 25.09.2020-31.03.2025 |
| മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി | 30.09.2020 വരെ |
| BLUE MOUNTAIN GRANITES(7/371) | |
| ലൈസൻസ് കാലയളവ് | 2020-21 - 2024-25 |
| മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി | 31.12.2020 വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 63/20-21 തീയതി: 17.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള പുതുക്കിയ നിരാക്ഷേപപത്രത്തിന്റെ പകർപ്പ് അടിയന്തരമായി ഹാജരാക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

IV. മെഷീനറി റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീനറി റണ്ണിംഗ് ഫീസ് ഈടാക്കാത്തതായും, ചിലരിൽ നിന്നും കുറവ് തുക ഈടാക്കിയതായും കാണുന്നു. വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മെഷിനറി യൂണിറ്റ്(HP) | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|
| 1. | നവജ്യോതി ഫ്യൂവൽസ് | 2 HP | - | 50 |
| 2. | സാജ് പ്രൊഡക്ട്സ് | 10 HP | 50 | 100 |
| 3. | ശ്രീ ഗണേഷ് ബിൽഡിംഗ് മെറ്റീരിയൽസ് | 17 HP | 100 | 200 |
| 4. | ജനനി നാച്ച്വറൽസ് | 3 HP | - | 50 |
| 5. | ശ്രീ ദുർഗ എന്റർപ്രൈസസ് | 4.5 HP | - | 50 |
| 6. | ട്രോപ്പിക്കൽ കാനേഷ്സ് | 3 HP | - | 50 |
| 7. | മരിയ സ്റ്റീൽ ഫർണീച്ചർ | 4 HP | - | 50 |
| 8. | ശിവഗംഗ ആയുർവേദിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 3 HP | - | 50 |
| 9. | A.R എഞ്ചിനീയറിംഗ് വർക്ക്സ് | 4.5 HP | - | 50 |
| 10. | ബേക്ക് പോയിന്റ് | 5.5 HP | - | 100 |

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് ഈടാക്കാത്തതിലും, ചില സ്ഥാപനങ്ങളിൽ നിന്നും കുറവ് തുക ഈടാക്കിയതിലും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 23/20-21 തീയതി: 14.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെഷീനറി റണ്ണിംഗ് ഫീസ് ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-28 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ

2020-21 വർഷത്തെ ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ നാല് ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത ഫാമുകൾക്കു പുറമെ ലൈസൻസ് എടുക്കാത്ത മറ്റു ഫാമുകൾ കൂടി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1. | സതീഷ്കുമാർ | 1/42A<br>1/42B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2. | ചന്ദ്രൻ | 2/579 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3. | ഫ്രാൻസിസ് ലൂക്കോസ് | 2/46<br>2/47<br>2/48 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 4. | സുധാകരൻ | 2/54 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 5. | മത്തായി | 2/165A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 6. | സോമൻ | 3/344<br>3/345 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 7. | പോൾസൺ | 4/94A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 8. | രാധാകൃഷ്ണൻ | 4/191 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 9. | മാനുവൽ ജോസഫ്, ആൽജി | 4/352A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് –കോഴി വളർത്തൽ ഷെഡ് |
| 10. | ആലി കുഞ്ഞമ്മ | 4/355 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് –കോഴി വളർത്തൽ ഷെഡ് |
| 11. | ജോമി ആന്റണി | 4/372B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് –കോഴി വളർത്തൽ ഷെഡ് |
| 12. | അർജ്ജുനൻ | 4/565A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് –കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 13. | ഗോപി | 4/596A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 14. | ജോമി | 4/655A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 15. | റോസ ആൻഡ്രൂസ് | 4/655 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 16. | മുഹമ്മദ് | 5/85A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 15. | സോജൻ | 5/247A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 16. | മൊയ്തുട്ടി | 5/317A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 17. | ആനി | 5/523A<br>5/523B<br>5/523C | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 18. | വേലായുധൻ | 6/249<br>6/250 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 19. | ശ്രീധരൻ | 6/1165 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 20. | ജോസ് | 7/74 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 21. | രാരിച്ചൻ | 9/216A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 22. | സദാനന്ദൻ | 23/245<br>23/246<br>23/247 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |
| 23. | ബദറുദീൻ | 19/818 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് -കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 52/20-21 തീയതി: 17.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഫാം ഉടമകളെ കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

## 1-29 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് - അപാകതകൾ

സ.ഉ(കൈ)നം. 106/17/തസ്വഭവ തീയതി. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഇളവിന് അർഹതപ്പെട്ടവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 സാമ്പത്തികവർഷത്തിൽ മറ്റത്തൂർ പഞ്ചായത്തിൽ ആകെ 80

വിമുക്തഭടന്മാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ആകെ 26 പേരുടെ അപേക്ഷ മാത്രമാണ് ലഭ്യമാക്കിയത്. ടി സാഹചര്യത്തിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും നികുതി ഇളവ് നൽകിയോ എന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 62/20-21 തീയതി: 17.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അപേക്ഷ നൽകുന്ന വിമുക്തഭടന്മാർക്ക് മാത്രം നികുതി ഇളവ് നൽകേണ്ടതാണ് എന്നതിൽ ശ്രദ്ധവെച്ച് പുലർത്തേണ്ടതാണ്.

## 1-30 റേഷൻകടകളും, കള്ളുഷാപ്പുകളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കട, ക്രമ നം. 139 പ്രകാരം കള്ള് ഷാപ്പ് എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും D&O ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്? ആയവക്ക് 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തിക്കാൻ പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുണ്ടോ? ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടോ? എന്നതിൽ 14/12/2021 ലെ ഓഡിറ്റ് എൻക്വയറി നം. 18/19-20, 20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് പഞ്ചായത്ത് പരിധിയിൽ 23 റേഷൻ കടകളും, 6 കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്നും, ഇവർ ഇതു വരെ ലൈസൻസ് എടുത്തിട്ടില്ലെന്നും ഇവർക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കാമെന്നും, തൊഴിൽനികുതി ഈടാക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-31 പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം. 1/21-പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 3,00,000 (തനതുഫണ്ട്)

ചെലവ് - 2,48,443 (തനതുഫണ്ട്)

മേല്പറഞ്ഞ പ്രൊജക്ടിൽ പത്രപരസ്യം നൽകുന്നതിനായി ദേശാഭിമാനി പത്രത്തിന് തുക നൽകിയതിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ:

| ക്രമ നം | വൗച്ചർ നം., തീയതി, തുക | ഇൻവോയ്സ് നം., തീയതി | തുക (Before Tax) | ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 22000119/10.05.2020 50796 | TCR/20-21 /0027/12.04.2020 | 5520 | 828 |
| 2 | 22000327/09.07.2020 6300 | TCR/20-21 /0355/03.06.2020 | 6000 | 900 |
| 3 | 22000568/26.08.2020 21972 | TCR/20-21 /0713/12.07.2020 | 8000 | 1200 |
| 4 | 22001027/18.12.2020 14700 | TCR/20-21 /1000/17.08.2020 | 8000 | 1200 |
| 5 | 22001027/18.12.2020 14700 | TCR/20-21 /1050/22.08.2020 | 6000 | 900 |
| 6 | 22001555/22.03.2021 126425 | TCR/20-21 /3018/28.02.2021 | 8000 | 1200 |
| 7 | 22001616/31.03.2021 14650 | TCR/20-21 /2853/18.02.2021 | 8000 | 1200 |
| | | | ആകെ | 7428 |

ജി ഒ (ആർ.ടി.)01/11 ഐ&പി ആർ ഡി തീ. 04.01.2011, ജി ഒ (ആർ.ടി.)288/14 ഐ&പി ആർ ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് മുഖേനയോ നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട്

അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 33/14.12.2021) മറുപടി ലഭ്യമാക്കിയില്ല. ഡിസ്കൗണ്ട് ലഭിക്കേണ്ട തുക ലഭ്യമാക്കുകയോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഐ.കെ.എം.വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | വൗച്ചർ നം./ തീയതി | തുക | നൽകിയത് |
|---|---|---|---|
| 2/21- ഐ.കെ.എം. വിഹിതം | 22000749/28.09.2020 | 1,53,126 (വികസനഫണ്ട് ജനറൽ) | ഐ.കെ.എം.ന് നൽകിയത് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 34/14.12.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്.

## 1-33 പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നം, പേര് | തുക | വൗച്ചർ നം., തിയതി | നൽകിയത് |
|---|---|---|---|---|
| 1 | 18/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 581000<br>161000<br>123000<br>221000 | 22001129/28.11.2020<br>22001128/28.11.2020<br>22001127/17.12.2020<br>22001135/17.12.2020 | എക്സി. എഞ്ചി., വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഇരിഞ്ഞാലക്കട |
| 2 | 449/21 അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ് | 355675 | 22000727/05.09.2020 | എക്സി. എഞ്ചി., വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഇരിഞ്ഞാലക്കട |
| 3 | 459/21 വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് | 45219 | 22000606/29.08.2020 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി വെള്ളിക്കുളങ്ങര |
| 4 | 29/21 അങ്കനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 17000<br>50000 | 22000730/05.09.2020<br>22001435/09.02.2021 | എക്സി. എഞ്ചി., വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഇരിഞ്ഞാലക്കട |

മേൽപ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 32/14.12.21)

## 1-34 കെൽട്രോണിന് അധിക തുക അടവാക്കി

പ്രൊജക്ട് നം. 3/21 - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 6,00,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് - 1,92,415 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

മേൽപ്പറഞ്ഞ പ്രൊജക്ടിനു വേണ്ടി താഴെപ്പറയും പ്രകാരം ചെലവ് ചെയ്തതിൽ കെൽട്രോണിന് അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രൊഫോർമ ഇൻവോയ്സ് നം,തുക | വൗച്ചർ നം, തീയതി | ഒറിജിനൽ ഇൻവോയ്സ് നം, തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 21670/22.02.2021-48,101 | 22001707/22.03.2021 | PYSI21006118/19.05.2021 46297 | 1804/- രൂപ അധികം നൽകി |
| 2 | 21675/22.02.2021-84,306 | 22001708/22.03.2021 | ----- | ഡെസ്ക് ടോപ്പ് ലഭ്യമായിട്ടില്ല |
| 3 | 21677/22.02.2021-60,008 | 22001709/22.03.2021 | PYSI21036375/19.10.2021 57699 | 2309/- രൂപ അധികം നൽകി |

അധികം നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/14.12.21)

## 1-35 കരാർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നം. 423/2020-21

പേര് : 60 വയസ്സകഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വൗച്ചർ നം : 2200480/30.06.20

അടങ്കൽ : 300000/-

ചെലവ് : 295800/-

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ആർട്ട്കോയിൽ നിന്ന് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. ആർട്ട്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 48/17.12.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആർട്ട്കോയുമായുള്ള കരാർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-36 അർഹതയില്ലാത്ത ഗുണഭോക്താവിന് കട്ടിൽ നൽകി

പ്രൊജക്ട് നം. 423/2020-21

പേര് : 60 വയസ്സകഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വൗച്ചർ നം : 2200480/30.06.20

അടങ്കൽ : 300000/-

ചെലവ് : 295800/-

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ആർട്ട്കോയിൽ നിന്ന് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ ഉൾപ്പെട്ട വിലാസിനി, പാപ്പാളി ഹൗസ്, ചെട്ടിയാൽ എന്നവർക്ക് ആധാർ രേഖ പ്രകാരം 60 വയസ്സ് തികഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 48/17.12.21 നൽകി, മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ വയസ്സ് തെളിയിക്കുന്ന മറ്റു രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവുതുകയായ 4350/- രൂപ തടസ്സപ്പെടുത്തുന്നു..

## 1-37 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്

പ്രൊജക്ട് നം. 80/20-21

പേര് : പാലിയേറ്റീവ് പരിചരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (സി എച്ച് സി)

ബിൽ നം : 8/20-21, തീ. 27.03.2021

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി 90,000/- രൂപയുടെ മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുള്ളതായോ, സ്റ്റോക്കിൽ എടുത്തിട്ടുള്ളതായോ ആയ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 49/17.12.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-38 ലീഗൽ ചെലവുകളിൽ നിന്നും റ്റി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ്

വൗച്ചർ നം. 21901078, 21901062 എന്നിവ പ്രകാരം വിവിധ കേസുകളുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ്സിന് ഫീസിനത്തിൽ 22,500/-, 20,000/- രൂപ എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 63/17.12.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു എന്നതിന് മറുപടി നൽകിയില്ല. ആയതിനാൽ വരും വർഷങ്ങളിൽ അഡ്വക്കേറ്റ് ഫീസിനത്തിൽ ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ഓവർഹെഡ് ചാർജ്ജസ് അധികം നൽകി

ഓഡിറ്റ് എൻക്വയറി നം. 2 തീയതി -09.12.21

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തീ. 7-5-2014 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ്‌വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധിക തുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 3 തീയതി 09.12.21)

1996 ലെ ബിൽഡിങ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്റ്റ് (സെൻട്രൽ ആക്റ്റ്) വകുപ്പുകൾ 3 (1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ 1% കുറയാത്ത തുക KCWWF ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3 (3) പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 പ്രൊജ. നം. 381/21 മറ്റത്തൂർ ബ്രാഞ്ച് കനാൽ നിർമാണം - കരാറുകാരന് ₹9007/- അധികം നൽകി

അടങ്കൽ : ₹15,00,000/- (മെയിന്റനൻസ് ഫണ്ട്)

ഭരണാനുമതി 1 (1) തീ. 07-03-20

സാങ്കേതികാനുമതി LSGD / TS 32021/2019-20 തീ. 15-9-20

₹ 15,00,000/-

കരാർ നം. 11/20-21 AE LSGD MTRGP തീ. 26-5-20

കരാറുകാരൻ - ശ്രീ. ഒ.ജെ. വിൽസൺ

പി.എ.സി. തുക - ₹ 12,25,623.21

വൗ. നം. 145/20-21 തീ. 22-3-21 - ₹ 13,23,801/-

അളവുപുസ്തകം 162/20-21

ഓഡിറ്റ് എൻക്വയറി നം. 41 തീ. 15-12-21

ടെണ്ടർ ക്വാട്ട് ചെയ്ത നിരക്ക് (-) 8.47%

സ.ഉ.( പി) 54/19 ധന തീ. 4-5-19 വ്യവസ്ഥ 7, 8 എന്നിവ പ്രകാരം കരാർ ഷെഡ്യൂളിലെ ഏതെങ്കിലും ഇനം അധിക അളവിൽ ചെയ്യേണ്ടി വരുമ്പോൾ കരാർ ഷെഡ്യൂളിനെക്കാൾ 25% വരെ കരാർ നിരക്കും ഇതിലുപരി ചെയ്യുന്ന അളവുകൾ, സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്കിന്മേൽ ടെണ്ടർ കുറവ് ക്രമപ്പെടുത്തിയ നിരക്ക് പ്രകാരവുമാണ് കരാറുകാരന്

അർഹമായ തുക നൽകേണ്ടത്.

മേൽപ്രകാരം പ്രവൃത്തിയിൽ ഇനം 4,6 എന്നിവയുടെ കാര്യത്തിൽ സൂചിത സർക്കാർ ഉത്തരവു പ്രകാരം ടെണ്ടർ കുറവ് ക്രമപ്പെടുത്താതെ കരാറുകാരന് ₹9007/- അധികം നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം 4

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്തു തീർക്കേണ്ട അളവ് –5.09 ഘ. മീ

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്ക് –₹ 2515.43/1 ഘ.മീ.

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് - ₹ 2400/1 ഘ.മീ.

കരാർ ഷെഡ്യൂളിനെക്കാൾ 25% ലധികം ചെയ്യുന്ന കാര്യത്തിൽ അനുവദിക്കാവുന്ന നിരക്ക് ₹ 2515.43 – 8.47% = ₹ 2302.37/ 1 ഘ.മീ.

ചെയ്തു തീർത്ത അളവ് - 43.912 ഘ.മീ.

| | |
|---|---|
| A. കരാറുകാരന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക<br>43.912 ഘ.മീ. X ₹2400/1 ഘ.മീ. | ₹105388.80 |
| B. കരാറുകാരന് അനുവദിക്കാവുന്ന തുക (എ + ബി)<br>(എ) 6.3625 ഘ.മീ. (5.09 + 25 %) X ₹2400/1 ഘ.മീ. = ₹15270<br>(ബി) (43.912 ഘ.മീ. - 6.3625 ഘ.മീ.) X₹2302.37/ 1 ഘ.മീ. = ₹ 86452.84 | ₹101722.84 |
| കരാറുകാരന് അധികം നൽകിയ തുക<br>(A –B) | ₹ 3665.96 |

ഇനം 6

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്തു തീർക്കേണ്ട അളവ് –26.887 ഘ.മീ

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്ക് –₹ 6457.33/1 ഘ.മീ.

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് - ₹ 6070/1 ഘ.മീ.

കരാർ ഷെഡ്യൂളിനെക്കാൾ 25% ലധികം ചെയ്യുന്ന കാര്യത്തിൽ അനുവദിക്കാവുന്ന നിരക്ക് ₹ 6457.33 –8.47% = ₹ 5910.39/1 ഘ.മീ.

ചെയ്തു തീർത്ത അളവ് 67.062 ഘ.മീ.

| | |
|---|---|
| A. കരാറുകാരന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക<br>67.062 ഘ.മീ. X ₹6070/1 ഘ.മീ. | ₹407066.34 |
| B. കരാറുകാരന് അനുവദിക്കാവുന്ന തുക (എ + ബി)<br>(എ) 33.60875 ഘ.മീ. (26.887+25 %)X ₹6070/1 ഘ.മീ. = ₹ 204005.11<br>(ബി) (67.062 ഘ.മീ. - 33.60875 ഘ.മീ.) X ₹ 5910.39/1 ഘ.മീ. = ₹ 197720.08 | ₹401725.19 |
| കരാറുകാരന് അധികം നൽകിയ തുക<br>(A –B) | ₹ 5341.15 |

കരാറുകാരന് അധികം നൽകിയ ₹9007/- (ഇനം 4 + ഇനം 6) ഈടാക്കി പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്.

## 1-42 പ്രൊജ. നം. 353/21 ഗ്യാസ് ക്രിമറ്റോറിയം യാഥാർത്ഥ്യമായില്ല - കോസ്റ്റ്ഫോർഡിന് അധികം തുക നല്കി

അടങ്കൽ :

₹ 15,00,000/- (വികസന ഫണ്ട് -പൊതുവിഭാഗം)

₹ 5,28,000/- (വികസന ഫണ്ട് -ധനകാര്യ അവാർഡ്)

₹ 10,00,000/- (തനതു ഫണ്ട്)

₹ 20,00,000/- (ജില്ലാ പഞ്ചായത്ത്)

₹ 5,00,000/- (മെയിന്റനൻസ് ഫണ്ട്)

ആകെ ₹ 55.28,000/-

ഭരണാനുമതി - 1 (1) തീ. 7-3-20

സാങ്കേതികാനുമതി - 137 തീ. 14-1-19 ₹ 55,21,000/- (COSTFORD നൽകിയത്)

കരാർ നം. തീ. 91/18-19 AE LSGD MTRGP തീ. 1-2-19

കരാറുകാരൻ - കോസ്റ്റ്ഫോർഡ്

പി.എ.സി. തുക – ₹ 55.21,000-

വൗ. നം. 1 തീ. 14-05-19 - ₹9,34,900/- (2019-20)

വൗ. നം. 103 തീ. 21-12-20 - ₹5,00,000/- (2020-21)

വൗ. നം. 104 തീ. 21-12-20 - ₹ 2,47,048/- (2020-21)

വൗ. നം. 105 തീ. 21-12-20 –₹ 65,100/- (2020-21)

അളവുപുസ്തകം –ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 53 തീ. 17-12-21

ഓഡിറ്റ് എൻക്വയറി നം. 59 തീ. 17-12-21

മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ മാങ്കുറ്റിപ്പാടത്ത് 2019 ൽ COSTFORD ആരംഭിച്ച ആധുനിക ക്രിമറ്റോറിയം നിർമാണം 3 വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധനയിൽ കണ്ടു. പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവുപുസ്തകം, നാളിതു വരെയുള്ള പ്രവൃത്തിയുടെ വിവരങ്ങൾ എന്നിവ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ഗ്യാസ് ക്രിമിറ്റോറിയം നിർമാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജില്ലാ കളക്ടർ എന്നിവരുടെ നിരാക്ഷേപ പത്രം ലഭ്യമാക്കാതെയാണ് ഗ്യാസ് ക്രിമിറ്റോറിയം നിർമാണം നടന്നു വരുന്നത്.

2. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 2 പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് കോസ്റ്റ്ഫോർഡിന് നേരിട്ട് നിർവഹിക്കാവുന്നത്. മറ്റുള്ള മരാമത്തു പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നടത്തി മേൽനോട്ടം വഹിക്കുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നടത്തേണ്ടത്.

ഫയൽ പരിശോധനയിൽ PRICE സോഫ്റ്റ്‌വെയർ മുഖേന ' Other Engineering Organisations' നു വേണ്ടി തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള എസ്റ്റിമേറ്റിനാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായി കണ്ടത്. ഇതിൽ നിന്നും ചെലവുകുറഞ്ഞ സാങ്കേതികവിദ്യയല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിനു വിധേയമായി 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നിർമാണ പ്രവൃത്തികൾ നടത്തേണ്ടിയിരുന്നത്.

3. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 3 പ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ മുഖേന വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ സാങ്കേതിക മികവ്, സെന്റേജ് ചാർജ്ജ് എന്നി കാര്യങ്ങൾ മുൻനിർത്തിയാണ് പ്രവൃത്തി ഏൽപ്പിച്ചു നൽകേണ്ടത്. ഇതിനു വിരുദ്ധമായി ടെണ്ടർ നടപടികളൊന്നുമില്ലാതെയാണ് ക്രിമറ്റോറിയം പണി ഇപ്പോൾ COSTFORD നെ ഏൽപ്പിച്ചിട്ടുള്ളത്.

4. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 7 പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഒഴികെയുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വിഭാഗമാണ് നൽകേണ്ടത്. മേൽകാര്യത്തിൽ സാങ്കേതികാനുമതി COSTFORD നൽകിയിട്ടുള്ളതായി കാണുന്നു.

5. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 12 പ്രകാരം കോസ്റ്റ്ഫോർഡിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിലെയും എഞ്ചിനീയർമാർ ചേർന്ന് പ്രവൃത്തിയുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 3/21 AE LID EW MTRGP തീ. 7-6-21 പ്രകാരം നൽകിയ കത്തിൽ നടന്നു വരുന്ന നിർമാണ പ്രവൃത്തികളിൽ അപാകതകളുണ്ടെന്നും ആയത് പരിഹരിക്കേണ്ടതാണെന്നും കോസ്റ്റ്ഫോർഡിനോട് ആവശ്യപ്പെട്ട്

കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരമുള്ള ചെക്ക് മെഷർമെന്റ് നടന്നിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. അളവു പുസ്തകം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. കോസ്റ്റ്ഫോർഡിന് ഏൽപ്പിച്ച കൊടുത്തിരുന്ന പ്രവൃത്തികൾ താഴെ ചേർക്കുന്നതു പ്രകാരമാണ്

എ. ക്രിമിറ്റോറിയം പ്രവൃത്തികൾ - ₹ 21,05,405/-

ബി. കോമ്പൗണ്ട് വാൾ - ₹ 22,990/-

സി. ബോർവെൽ - ₹ 1,96,360/-

ഡി. ഫർണസ് - ₹ 19,50,000/-

ഇ. ജനറേറ്റർ - ₹ 4,00,000/-

ആകെ - ₹ 46,74,755/-

ഈ സംഗതിയിൽ കോസ്റ്റ്ഫോർഡിന് നിർവഹിക്കാവുന്നത് ക്രിമറ്റോറിയം, കോമ്പൗണ്ട് വാൾ പ്രവൃത്തികൾ മാത്രമാണ്. ഇക്കാര്യത്തിലുള്ള ആകെ ചെലവു തുക ₹ 21,28,395/- ആണ്. ബോർവെൽ, ഫർണസ്, ജനറേറ്റർ എന്നിവ ബാഹ്യ ഏജൻസിയിൽ നിന്നാണ് സമാഹരിക്കേണ്ടത്. ഇക്കാര്യത്തിലുള്ള ചെലവു തുക സഹിതം ആകെ ₹ 46,74,755/- ന്റെ 20% ആയ ₹ 9,34,900/- ആണ് ഇപ്പോൾ കോസ്റ്റ്ഫോർഡിന് ആദ്യ ഗഡുവായി നൽകിയിരിക്കുന്നത്. യഥാർത്ഥത്തിൽ ₹ 4,25,679/- (₹ 21,28,395 X 20%) ആണ് കോസ്റ്റ്ഫോർഡിന് നൽകേണ്ടിയിരുന്നത്. കോസ്റ്റ്ഫോർഡ് നേരിട്ട് നിർവഹിക്കാത്ത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി ചെലവു തുക വർധിപ്പിച്ച് യഥാർത്ഥത്തിൽ നൽകേണ്ടതിലും ഇരട്ടി നല്കിയ സാഹചര്യമാണുള്ളത്.

7. കരാർ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

(എ) സ.ഉ. (എം.എസ്) 133/2007 ത.സ്വ.ഭ.വ തീ. 18-05-07 നിർദ്ദേശം 10 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 2% മാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 11 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതു പ്രകാരമാണ്. കൂടാതെ സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 11 മേൽകാര്യത്തിൽ കോസ്റ്റ് ഫോർഡ് അവലംബിക്കേണ്ടിയിരുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായ പ്രകാരമുള്ള പ്രവൃത്തികൾക്ക് 2% മാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. കരാർ ഷെഡ്യൂൾ പ്രകാരം ഇപ്പോൾ 8% സെന്റേജ് ചാർജ്ജ് നല്കുന്നതിനാണ് ബാധ്യതയേറ്റിരിക്കുന്നത്.

(ബി) സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 14 പ്രകാരം സ്റ്റേജ് അടിസ്ഥാനത്തിലാണ് കോസ്റ്റ് ഫോർഡിന് തുക നൽകേണ്ടിയിരുന്നത്. ഇതു പ്രകാരം കരാർ ഒപ്പിടുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 20% തുടർന്നുള്ള അഞ്ചു ഗഡുക്കൾ എസ്റ്റിമേറ്റ് തുകയുടെ 15% വീതം മുൻപു നൽകിയ തുകയുടെ 90% വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിലും അവസാനത്തെ ഗഡു 5% 'ഡിഫക്റ്റ് ലയബിലിറ്റി' കാലയളവിനു ശേഷവും മാത്രം നല്കേണ്ടതാണ്. ആദ്യത്തെ നാലു ഗഡുക്കൾ എസ്റ്റിമേറ്റ് തുകയുടെ 20% വീതവും അവസാനത്തെ രണ്ടു ഗഡുക്കൾ 10% വീതം നല്കുന്നതിനാണ് ഇപ്പോൾ കരാറിലേർപ്പെട്ടു കണ്ടത്. 'ഡിഫക്റ്റ് ലയബിലിറ്റി ' കാലയളവിനു വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്.

(സി) സർക്കാർ സർക്കുലർ 90/17 Fin തീ. 14-12-17 പ്രകാരം ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ അനുവദിക്കേണ്ട ജി.എസ്.ടി നിരക്ക് 12% ആണ്. എന്നാൽ സർക്കാർ കത്ത് നം. Ind PW 176/19 Fin തീ. 22-10-19 പ്രകാരം 30-6-17 വരെ മാത്രം പ്രാബല്യത്തിലുണ്ടായിരുന്ന 5% ജി.എസ്.ടി കോമ്പൻസേഷൻ നൽകുന്ന വ്യവസ്ഥയാണ് ഇപ്പോൾ കരാറിലുൾപ്പെടുത്തിയിട്ടുള്ളത്. (...Compensation @ 1% To 5% Will Be Allowed For The Public Works For Which The Agreement Was Executed Before 1-7-17)

(ഡി) ഗ്യാസ് ക്രിമിറ്റോറിയം നിർമാണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേകയോഗത്തിൽ തീരുമാനം നം. 4 ആയി ക്രിമിറ്റോറിയം നിർമാണ കാലാവധി 30-09-21 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. എന്നാൽ ഇക്കാര്യത്തിൽ സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടില്ലായെന്നു കണ്ടു.

(ഇ) കരാർ വ്യവസ്ഥ 5 പ്രകാരം പ്രവൃത്തികളുടെ പുരോഗതിയനുസരിച്ച് സ്റ്റേജ് അടിസ്ഥാനത്തിൽ മാത്രം കോസ്റ്റ്ഫോർഡിന് തുക നൽകേണ്ടതുള്ളപ്പോൾ ആദ്യത്തെ സ്റ്റേജ് തുക നല്കിയതിനു പുറമെ ₹ 6,82,477.57 മൂല്യമുള്ള ഫസ്റ്റ് ആന്റ് പാർട്ട് ബിൽ നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

ഫയലിൽ ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള മരാമത്തു ബില്ലിന്റെ പരിശോധനയിൽ ₹ 6,82,477.57 മൂല്യമുള്ള ചെലവുകളുടെ വിവരങ്ങൾ മാത്രമാണുള്ളത്. കോസ്റ്റ്ഫോർഡിന് ആദ്യ ഗഡുവായി നൽകിയ ₹9,34,900/- ചെലവു വിവരങ്ങൾ മേൽപ്രകാരം ബില്ലിൽ ഇല്ല. അളവുപുസ്തകം ഹാജരാക്കാതിരുന്ന വിവരം ഇതിനകം പരാമർശിച്ചിരുന്നു.

ഫസ്റ്റ് ആന്റ് പാർട്ട് ബിൽ നൽകിയിട്ടുള്ള കാര്യത്തിൽ അധികം നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(എ) കരാർ ഷെഡ്യൂൾ പ്രകാരം സെന്റേജ് ചാർജിന്മേൽ 18% ജി.എസ്.ടി നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നാൽ പാർട്ട് ബിൽ നൽകുന്ന വേളയിൽ പ്രവൃത്തിമൂല്യത്തിന്റെ 18% ആയ ₹ 1,22,845.96 (₹ 6,82,477.57 X 18%) ജി.എസ്.ടി ഇനത്തിൽ നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. സർക്കാർ സർക്കുലർ 90/17 Fin തീ. 14-12-17 പ്രകാരം ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ അനുവദിക്കേണ്ട ജി.എസ്.ടി നിരക്ക് 12% ആണ്. ഈ സംഗതിയിൽ ജി.എസ്.ടി ഇനത്തിൽ ചെലവു ചെയ്യേണ്ട തുക ₹ 81897/- (₹ 6,82,477.57 X 12%) മാത്രമാണ്. അതായത് ജി.എസ്.ടി ഇനത്തിൽ കോസ്റ്റ് ഫോർഡിന് ₹ 40948/- അധികം നൽകിയിട്ടുണ്ട്.

(ബി) കേരള നിർമാണ തൊഴിലാളി ക്ഷേമ വിഹിതം (KCWWF) ആദായനികുതി ഈടാക്കുന്നതു പോലെ കരാറുകാരന് അർഹമായ തുകയിൽ നിന്ന് ഈടാക്കേണ്ടതുണ്ടായിരുന്നു. ഇതിനു പകരം ജി.എസ്.ടി ഇനത്തിലുള്ള തുക പ്രവൃത്തിമൂല്യത്തിന്മേൽ കണക്കാക്കി നൽകുന്നതു പോലെ KCWWF ഇനത്തിൽ ₹ 6824.77 (₹ 6,82,477.57 X 1%) ഇനത്തിൽ അനുവദിച്ച് ഈ തുക കേരള നിർമാണ തൊഴിലാളി ക്ഷേമ ബോർഡിൽ അടവാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അതായത് KCWWF ഇനത്തിൽ കോസ്റ്റ് ഫോർഡിന് ₹ 6825/- അധികം നൽകിയിട്ടുണ്ട്.

സ.ഉ. (അ) 311/2014ധന. തീ. 30-07-14 നിർദ്ദേശം 11 വിധേയമായി മേൽകാര്യത്തിൽ കോസ്റ്റ് ഫോർഡ് 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം അവലംബിച്ചിരുന്നുവെങ്കിൽ ജി.എസ്.ടി, KCWWF എന്നീയിനങ്ങളിലുള്ള ചെലവു ടെണ്ടർ ലഭിച്ച ബന്ധപ്പെട്ട കരാറുകാരൻ വഹിക്കുമായിരുന്നു. ഈ സാഹചര്യത്തിൽ അനാവശ്യമായ അധിക ചെലവാണ് ഗ്രാമ പഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ളത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുമായി ബന്ധപ്പെട്ട ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ചേർത്തിരിക്കുന്ന തുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല എന്ന വിവരം വാർഷികകണക്ക് പരിശോധനയിൽ കൃത്യമായി ചേർത്തിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | ഇലക്ട്രിസിറ്റി പോസ്റ്റ് ഷിഫ്റ്റിംഗ്, പ്രൊ. നം. 12/20-21 | 300000 | 245138 | 54862 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രൊ. നം. 18/20-21 | 1090000 | 1086000 | |
| കേരളാ വാട്ടർ | അങ്കണവാടികൾക്ക് കുടിവെള്ള | 150000 | 67000 | 83000 |

| | | | | |
|---|---|---|---|---|
| അതോറിറ്റി | കണക്ഷൻ പ്രൊ. നം. 29/20-21 | | | |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ പ്രൊ. നം. 37/20-21 | 1000000 | 800012 | |
| കേരളാ വാട്ടർ അതോറിറ്റി | കടമ്പോട് സ്കൂൾ മുതൽ പടിഞ്ഞാറുവശം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രൊ. നം. 272/19-20 | 60000 | 60000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണം അഡീഷണൽ ഷിഫ്റ്റ് പമ്പിങ് - വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ പ്രൊ. നം. 449/19-20 | 450000 | 355675 | |
| കേരളാ വാട്ടർ അതോറിറ്റി | നാഡിപ്പാറ വയോജന മന്ദിരം മാങ്കുറ്റിപ്പാടം വനിത മന്ദിരം എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ പ്രൊ. നം. 459/19-20 | 45217 | 45217 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1133317 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| | പലിശ | 0 | |
| 3 | ആകെ | 1133317 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1211468 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന | നിക്ഷേപത്തിന്റെ വിവരം | തുക |

| | | |
|---|---|---|
| സ്ഥിരനിക്ഷേപത്തിന്റെ വിവരം | T D C B Kodaly F D No 80000389259 | 1211468 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 146921366 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 149601308 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 94,350/- |

ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 4350 | സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-37 | 90000 | ഡോ. ലക്ഷ്മി മേനോൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| | 94350 | |

സി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും, സ്ഥിരം മേൽവിലാസവും

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് | കാരാട്ടു പറമ്പിൽ വീട്, കച്ചിത്തോട്, കട്ടിലപൂവ്വം പി.ഒ. |
| ഡോ. ലക്ഷ്മി മേനോൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | അനിഴം, കാളത്തോട് കുറ്റിച്ചിറ റോഡ്, ഒല്ലൂക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | എൽ.എഫ്.ടി(എസ്.2)826/2011 തീയതി. 28.10.2011 | |
| 1974-75 | | |
| 1982-83 | | |
| 1983-84 | | |
| 1984-85 | | |

| | | |
|---|---|---|
| 1985-86 | | |
| 1986-87 | | |
| 1987-88 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1993-94 | | |
| 1994-95 | | |
| 1995-96 | എൽ.എഫ്.ടി 9-897/02 തീയതി. 17.10.02 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി 8-1008/98 തീയതി. 20.03.99 | |
| 1996-97 (വരവ്) | എൽ.എഫ്.ടി 9-918/02 തീയതി.17.10.02 | |
| 1997-98 (ചെലവ്) | എൽ.എഫ്.ടി 9-1007/98 തീയതി. 18.3.99 | |
| 1997-98 (വരവ്) | എൽ.എഫ്.ടി 9-891/02 തീയതി. 17.10.02 | |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.16-661/00 തീയതി. 16-06-06 | |
| 1998-99 (വരവ്) | എൽ.എഫ്.ടി 9-16/09 തീയതി. 26-12-09 | |
| 1999-00 | എൽ.എഫ്.ടി 9-17/09 തീയതി. 26-12-09 | |
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.9-1754/03 തീയതി. 01-10-04/23-12-04 | |
| 2000-01 | എൽ.എഫ്.ടി 9-18/09 തീയതി. 26-12-09 | |
| 2001-02 | എൽ.എഫ്.ടി 9-10/09 തീയതി. 26-12-09 | |
| 2002-03 | എൽ.എഫ്.ടി 9-20/09 തീയതി. 26-12-09 | |
| 2003-04 | എൽ.എഫ്.ടി 9-21/09 തീയതി. 26-12-09 | |
| 2004-05 | എൽ.എഫ്.ടി. 9-22/09 തീയതി. 26-12-09/15-02-10 | |
| 2005-06 | എൽ.എഫ്.ടി. 10-2017/10 തീയതി. 31-05-11 | |
| 2006-07 | എൽ.എഫ്.ടി 10-2018/10 തീയതി. 31-05-11 | |
| 2007-08 | എൽ.എഫ്.ടി 854/11 തീയതി. 29-11-11 | |
| 2008-09 | എൽ.എഫ്.ടി. 855/11 തീയതി. 29-11-11/04-02-12 | |
| 2009-10 | എൽ.എഫ്.ടി .പി2-690/12 തീയതി. 07-07-12 | |
| 2010-11 | എൽ.എഫ്.ടി .പി2-691/12 തീയതി. 07-07-12/04-10-12 | |
| 2011-12 | എൽ.എഫ്.ടി .പി26-2103/13 തീയതി. 14-05-14/10-09-14 | |
| 2012-13 | എൽ.എഫ്.ടി .പി6-1769/14 | |

| | | |
|---|---|---|
| | തീയതി. 01-01-15/08-07-15 | |
| 2013-14 | കെ.എസ്.എ.-ടി.എസ്.ആർ.-പി.6-1194/15<br>തീയതി. 30.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി6) 1329/15<br>തീയതി. 02.11.2015/10.12.2015 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി6)2102/2016<br>തീയതി. 25.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1419/17<br>തീയതി. 23.11.2017/13.12.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.6) 131/2019<br>തീയതി. 05.02.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)<br>1220/2020<br>തീയതി. 16.12.2020/16.01.2021 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)<br>154/2022<br>തീയതി/07-06-2022 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്